**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25** — **07-10-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വൈറോളജി ലാബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ നിപ്പ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നടത്തിവരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ നിപ പ്രതിരോധത്തിന്റെ ഭാഗമായി നിപ രോഗ സംശയവുമായി വരുന്ന രോഗികളെ ട്രയാജിംഗ്, എപ്പിഡെമിയോളജിക്കൽ റിസ്ക് അസ്സെസ്സ്മെന്റ്, ഐസോലേറ്റ് ചെയ്യുന്നതിനും തുടർന്ന് പരിശോധനയ്ക്ക് അയക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ട സൗകര്യങ്ങൾ എന്നിവ മെഡിക്കൽ കോളേജുകളിൽ ഒരുക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ നിപയെ പ്രതിരോധിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടെ 'ബയോ-സേഫ്റ്റി ലെവൽ-2 വൈറോളജി ലാബ്' പ്രവർത്തനസജ്ജമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടെ ബയോ സേഫ്റ്റി ലെവൽ 2 വൈറോളജി ലാബ് പ്രവർത്തനസജ്ജമായിട്ടില്ല. പ്രസ്തുത ലാബിന്റെ ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. എ.സി ഇൻസ്റ്റലേഷൻ നടക്കാനിരിക്കുന്നു. നിലവിൽ ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വൈറോളജി ലാബുകൾ വളരെ സൂക്ഷ്മതയോടെ പ്രവർത്തിക്കേണ്ടതായതിനാൽ കേരളത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ലാബിന്റെ നിർമ്മാണത്തിനായി എത്ര തുക സംസ്ഥാന സർക്കാർ ലഭ്യമാക്കിയിരുന്നുവെന്നും ലാബിന് ഇന്ത്യൻ കൗൺസിൻ ഓഫ് മെഡിക്കൽ റിസർച്ചിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | ICMR ന്റെ സഹായത്തോടെയാണ് പ്രസ്തുത ലാബ് നിർമ്മിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ലാബിന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | രോഗം നേരത്തെ കണ്ടെത്തുന്നതിനും ഗുരുതരമാകുന്നതിനു മുൻപുതന്നെ വിദഗ്ധ ചികിത്സ | (ഡി) | രോഗം നേരത്തെ കണ്ടെത്തുന്നതിനും ഗുരുതരമാകുന്നതിനു മുൻപുതന്നെ വിദഗ്ധ ചികിത്സ |

| | | | |
|---|---|---|---|
| | നൽകുന്നതിനും സാമ്പിളുകൾ മഞ്ചേരിയിലെ ലാബിൽ തന്നെ പരിശോധിക്കുന്നത് സഹായകമാകുമോ എന്ന് വ്യക്തമാക്കാമോ; | | നൽകുന്നതിനും സാമ്പിളുകൾ മഞ്ചേരിയിലെ ലാബിൽ തന്നെ പരിശോധിക്കുന്നത് സഹായകരമാകും. |
| (ഇ) | നിലവിൽ മഞ്ചേരിയിലെ ലാബിൽ പ്രാഥമിക പരിശോധനയിൽ വൈറസ് സാന്നിധ്യം കണ്ടെത്തിയാൽ സൂക്ഷ്മപരിശോധനയ്ക്കായി പൂനെ വൈറോളജി ലാബിലേയ്ക്ക് അയയ്ക്കാറുണ്ടോ; വിശദമാക്കുമോ? | (ഇ) | മഞ്ചേരിയിലെ ലാബിൽ പ്രാഥമിക പരിശോധനയിൽ വൈറസ് സാന്നിധ്യം കണ്ടെത്തിയാൽ സൂക്ഷ്മപരിശോധനയ്ക്കായി പൂനെ വൈറോളജി ലാബിലേയ്ക്ക് അയയ്ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ നിപയെ പ്രതിരോധിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ നിപയെ പ്രതിരോധിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

തൃശ്ശൂർ ജില്ലയിൽ നാളിതുവരെ നിപ്പ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. മറ്റു ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട നിപ്പ കേസുകളുടെ സമ്പർക്ക പട്ടികയിൽപ്പെട്ട തൃശ്ശൂർ സ്വദേശികളായ വ്യക്തികളെ അറിയിപ്പ് ലഭിച്ച ഉടൻ തന്നെ കണ്ടെത്തുകയും അവരെ ഐസൊലേറ്റ് ചെയ്യുകയും ഐസൊലേഷൻ കാലാവധി തീരുന്ന മുറയ്ക്ക് പരിശോധന നടത്തി റിപ്പോർട്ട് അയക്കുകയും ചെയ്തിട്ടുണ്ട്. ആർക്കെങ്കിലും നിപ്പ രോഗ ലക്ഷണങ്ങൾ ഉണ്ടെന്ന് കണ്ടാൽ ഉടൻ റിപ്പോർട്ട് ചെയ്യുവാനും ചികിത്സ ലഭ്യമാക്കുവാനും കർശന നിർദേശം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ നിലവിൽ നിപ്പ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നിരുന്നാലും ബോർഡർ ജില്ലയായ മലപ്പുറത്ത് അസുഖം സ്ഥിരീകരിച്ച സാഹചര്യത്തിൽ കോൺടാക്ടുകളുടെ line list കിട്ടുന്ന മുറയ്ക്ക് 21 ദിവസം 'Quarantine' ഇരുത്തുകയും, ആരോഗ്യസ്ഥാപനങ്ങൾ ദിവസവും അവരെ follow up ചെയ്യുകയും, ലക്ഷണങ്ങൾ കാണുന്ന മുറയ്ക്ക് മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് മാറ്റി സാമ്പിൾ പരിശോധനയ്ക്ക് അയക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിരുന്നു. കൂടാതെ 'Quarantine' പിരീഡ് (21 ദിവസം) കഴിയുന്ന മുറയ്ക്ക് അവരുടെ അടുത്തുള്ള ഗവൺമെന്റ് സ്ഥാപനത്തിൽ എത്തിച്ച് സാമ്പിളുകൾ എടുത്ത് ടെസ്റ്റിംഗിന് അയച്ച് റിപ്പോർട്ട് വന്നതിനുശേഷം Quarantine ഇരിക്കുന്ന വ്യക്തിയെ റിലീസ് ചെയ്യുകയും ചെയ്യുന്നു. ഇതിന് പുറമേ നിപ്പ എന്ന അസുഖത്തെക്കുറിച്ചും അത് എങ്ങനെ പകരുന്നു എന്നതിനെപ്പറ്റിയും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലയിൽ നടത്തുകയുണ്ടായി. ബോർഡർ പഞ്ചായത്തുകളിൽ സർവൈലൻസ് ശക്തിപ്പെടുത്തുകയും ചെയ്തിരുന്നു.

നിപ്പ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കോഴിക്കോട് ജില്ലയിലെ പ്രോഗ്രാം ഓഫീസർമാർക്കും, ബ്ലോക്ക് മെഡിക്കൽ ഓഫീസർമാർക്കും, മറ്റ് വിഭാഗം ജീവനക്കാർക്കും പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകി. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ മീറ്റിംഗിൽ ജില്ലയിലെ നിപ്പ പ്രതിരോധ പ്രവർത്തനങ്ങൾ വിശകലനം ചെയ്തു. നിപ്പ സർവൈലൻസിന്റെ ഭാഗമായി ജില്ലയിലെ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നും Acute Encephalitic syndrome (AES), Acute Respiratory Distress Syndrome (ARDS) കേസുകളുടെ സാമ്പിളുകൾ ടെസ്റ്റിംഗിനായി കോഴിക്കോട് VRDL ലാബിലേക്ക് അയച്ചുവരുന്നു. Acute Encephalitic syndrome (AES) കേസുകളുടെ ഫീൽഡ് തല സർവൈലൻസ് ജില്ലയിൽ ശക്തിപ്പെടുത്തുകയും, IDSP യോഗങ്ങളിലും കൂടാതെ ജില്ലാതല അവലോകന യോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു വരുന്നു. നിപ്പ രോഗ പ്രതിരോധവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ ജില്ലയിൽ വിവിധ തലങ്ങളിൽ നടന്നുവരുന്നു.

മലപ്പുറം ജില്ലയിൽ നിപ്പ രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ രോഗ വ്യാപനം ഒഴിവാക്കുന്നതിനായി ജനങ്ങൾക്ക് പോസ്റ്ററുകളിലൂടെയും മീഡിയ വഴിയും ബോധവൽക്കരണം നടത്തിവരുന്നു. Acute encephalitis report ചെയ്താൽ ഉടൻതന്നെ നിപ്പ സ്ക്രീനിംഗ് ടെസ്റ്റ് ചെയ്തു വരുന്നുണ്ട്. Early detection of cases ഈ പ്രവർത്തനത്തിലൂടെ സാധ്യമാവുന്നുണ്ട്. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ നിപ്പ പ്രതിരോധത്തിന്റെ ഭാഗമായി നിപ്പ ബാധിതരെന്ന് സംശയിക്കുന്നവരെ ചികിത്സിക്കുന്നതിന് വേണ്ടി ഐസൊലേഷൻ വാർഡ് സജ്ജമാക്കി. വിവിധ ഭാഗങ്ങളിൽ ആരോഗ്യ പ്രവർത്തകർക്ക് (900 പേർ) അണുബാധ നിയന്ത്രണ പ്രോട്ടോക്കോളുകൾ സംബന്ധിച്ച പരിശീലനം നൽകി. ദൈനംദിന പരിശോധനയും മറ്റു പ്രവർത്തനങ്ങളും സംബന്ധിച്ച് ആരോഗ്യവകുപ്പ് മന്ത്രി, ആരോഗ്യവകുപ്പിലെ ഉന്നത ഉദ്യാഗസ്ഥർ, മെഡിക്കൽ കോളേജിലെ മറ്റ് അംഗങ്ങൾ, സംസ്ഥാന മെഡിക്കൽ ബോർഡ് അംഗങ്ങൾ എന്നിവരുമായി ദിവസേന മീറ്റിങ്ങുകൾ നടത്തി.

നിപ്പ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ റിപ്പോർട്ട് ചെയ്യുന്ന AES കേസുകൾ മോണിറ്റർ ചെയ്ത് സംശയാസ്പദമായ കേസുകളുടെ സാമ്പിളുകൾ കോഴിക്കോട് VRDL ലാബിലേക്ക് അയച്ചുവരുന്നു. ജില്ലയിലെ സർക്കാർ, പ്രൈവറ്റ് ഡോക്ടർമാർക്ക് നിപ്പ രോഗബാധയുടെ മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

കേരള സർക്കാർ പുറത്തിറക്കിയ NIPHA ACTIVITY CALENDAR (G.O(Rt) No. 1709/2024/H&FWD Dated 17.07.2024) കണ്ണൂർ ജില്ലയിലെ എല്ലാ കീഴ് ഘടക സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. അത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

നിപ്പ കലണ്ടർ പ്രകാരമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ കാസർഗോഡ് ജില്ലയിൽ കൃത്യമായി നടന്നു വരുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലയിൽ AES /ILI സർവൈലൻസ് ശക്തിപ്പെടുത്തി. വളർത്തു മൃഗങ്ങൾ, വവ്വാലുകൾ മറ്റു മൃഗങ്ങൾ എന്നിവ അകാരണമായി കൂട്ടത്തോടെ ജില്ലയിൽ എവിടെയെങ്കിലും ചാവുക, തുടങ്ങിയ സംശയാസ്പദമായ സാഹചര്യങ്ങൾ ഉണ്ടായാൽ ആരോഗ്യവകുപ്പിനെ അറിയിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലയിലെ മെഡിക്കൽ ഓഫീസർമാർക്കും, മറ്റ് എല്ലാ വിഭാഗം ജീവനക്കാർക്കും നിപ്പ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ പരിശീലനവും, ട്രീറ്റ്മെന്റ് പ്രോട്ടോകോൾ എന്നിവയുടെ പരിശീലനവും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ